LIBRARY ARCHIVES Kerala Legislative Assembly

വാഹനമോഷണം സംബന്ധിച്ച കേസുകൾ

55 [56] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് വാഹനമോഷണം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര സ്വകാര്യ വാഹനങ്ങളും സർക്കാർ വാഹനങ്ങളും മോഷണം പോയിട്ടുണ്ട്;

(സി) അന്വേഷണത്തെ തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന മോഷണങ്ങൾ തടയാൻ പോലീസ് പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 5441 വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യവാഹനം .. 5435
സർക്കാർ വാഹനം .. 14

(സി) 1963 വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) രാത്രികാലങ്ങളിൽ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയും, മുൻകാല വാഹനമോഷ്ടാക്കളെ നിരന്തരം നിരീക്ഷിച്ചും കുറ്റകൃത്യം നടക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലും സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിലും പ്രത്യേക അന്വേഷണം നടത്തിയും രാത്രികാല വാഹന ചെക്കിംഗ് ശക്തമാക്കിയും നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്.

മന്ത്രിമാർ ഉൾപ്പെടുന്ന വിജിലൻസ് കേസുകൾ

56 [57] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന ഏതെല്ലാം വിജിലൻസ് കേസ്സുകളിലാണ് നടപടി തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണവും തുടർനടപടികളും വേണ്ടെന്ന് സർക്കാർ തീരുമാനിക്കാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾക്കെതിരെയാണ് വിജിലൻസ് അന്വേഷണം ഉള്ളതെന്ന് പറയാമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിജിലൻസ് വിഭാഗം കുറ്റപത്രം സമർപ്പിച്ച എത്ര കേസ്സുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ അഴിമതി അനധികൃത സ്വത്ത് സമ്പാദിക്കൽ തുടങ്ങിയവ സംബന്ധിച്ച എത്ര വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാന മന്ത്രിസഭയിൽ ഇപ്പോൾ ഗതാഗത വകുപ്പു മന്ത്രി ആയിരിക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെ കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനിക്ക് വൈദ്യുതി വിറ്റതിലെ ക്രമക്കേടുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്തിരുന്ന കേസിന്റെ ഒന്നാം ഭാഗത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സുപ്രീം കോടതി കുറ്റവിമുക്തനാക്കിയിരുന്നു. ഈ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ രണ്ടും മൂന്നും ഭാഗങ്ങൾ നിലനിൽക്കുകയില്ല എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിചാരണയിലിരുന്ന കേസിന്റെ രണ്ടാം ഭാഗം കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. മൂന്നാം ഭാഗത്തിന്റെ തുടർനടപടികൾ ഉപേക്ഷിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ജലസേചന വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. റ്റി. എം. ജേക്കബിന് എതിരെ.

(ഡി) ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെ കുറ്റപത്രം സമർപ്പിച്ചിരുന്ന ഗ്രാഫൈറ്റ് കേസിന്റെ രണ്ടാം ഭാഗം പിൻവലിച്ചിട്ടുണ്ട്.

(ഇ) 490 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കെ. പി. രവീന്ദ്രന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം

57 [58] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ ഏപ്രിൽ 6-ന് കൊല ചെയ്യപ്പെട്ട തടവുകാരൻ കെ. പി. രവീന്ദ്രന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly